# പത്രക്കുറിപ്പ്

ഇടമലയാർ, ഇടുക്കി അണക്കെട്ടുകളുടെ ഷട്ടറുകൾ ഭാഗികമായി തുറന്നിട്ടുള്ളതിനാൽ ആലുവ മണപ്പുറത്ത് ക്രമാതീതമായി വെള്ളം കയറിയിട്ടുള്ളതും 11.08.2018 തീയതിലെ ആലുവ മണപ്പുറത്തെ ബലി കർമ്മങ്ങൾക്ക് സുരക്ഷയെ മുൻനിർത്തി നടത്തുവാൻ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ ബഹു. എറണാകുളം ജില്ലാ കളക്ടർ നിയമം മൂലം പെരിയാർ നദിയിൽ ഇറങ്ങുന്നതിനും കുളിക്കുന്നതിനും മറ്റും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ഭക്തജനങ്ങൾ മണപ്പുറം ഭാഗത്തേക്ക് എത്തിയാൽ മേൽ ഭാഗത്തുള്ള സുരക്ഷിത കര ഭാഗങ്ങളിൽ മാത്രം ബലികർമ്മങ്ങൾ നടത്തേണ്ടതാണ്. കൂടാതെ പുഴയിലേക്കുള്ള എല്ലാ പ്രവേശന കവാടങ്ങളും പോലീസ് നിയന്ത്രിച്ചിരിക്കുന്നതുമാണ്. അദ്വൈതാശ്രമം കടവ്, പാലസ് റോഡ് കടവ്, ശ്രീകൃഷ്ണസ്വാമീ ക്ഷേത്രം കടവ് കൂടാതെ മണപ്പുറം ഭാഗത്ത് നിന്നും പെരിയാർ നദിയിലേക്കുള്ള കവാടങ്ങളിൽ കൂടിയും സുരക്ഷ മുൻനിർത്തി ഭക്തജനങ്ങളുടെ പെരിയാർ നദിയിലേക്കുള്ള ഇറക്കം നിയന്ത്രിച്ചിട്ടുള്ളതാണ്.

സെമിനാരിപ്പടി, തോട്ടക്കാട്ടുകര, പറവൂർ കവല തുടങ്ങിയ സ്ഥലങ്ങളിലൂടെ മണപ്പുറത്തേയ്ക്കുള്ള ഗതാഗതം കർശനമായി നിയന്ത്രിച്ചിട്ടുണ്ട്. വാഹനങ്ങൾ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ കൃത്യമായി പാർക്ക് ചെയ്ത് ഭക്തജനങ്ങൾ നടന്ന് മണപ്പുറം ഭാഗത്തേക്ക് വരേണ്ടതാണ്.

വെള്ളപ്പൊക്കം നിയന്ത്രണാധീനമായതിനാൽ സുരക്ഷയെ മുൻനിർത്തിയുള്ള ക്രമീകരണങ്ങളോട് എല്ലാവരും സഹകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്**
ആലുവ. 09.08.2018